

THURSDAY 18-08-2022 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : Suraj S** **Editor : Dr Saritha Vijayan K**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-18/08/2022.

1. ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പ് മന്ത്രിയും കൃഷിവകുപ്പിലെ സംസ്ഥാനതല ഉദ്യോഗസ്ഥരും സംസ്ഥാനത്തെ കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് വിവിധ കാർഷിക മേഖലകളിൽ കർഷകരോട് സംവദിച്ച് കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുകയും പരിഹരിക്കുകയും ചെയ്യുന്നതിനായി **കൃഷിദർശൻ** എന്ന പരിപാടി ആരംഭിക്കുകയാണ്. ഈ വർഷത്തെ സംസ്ഥാന തല കർഷക ദിനാചരണത്തോടനുബന്ധിച്ച് ചിങ്ങം1 (ആഗസ്റ്റ് 17) ന് പദ്ധതിക്ക് തുടക്കം കുറിച്ചു. സംസ്ഥാനത്തെ മുഴുവൻ കൃഷി ബ്ലോക്കുകളിലും ഘട്ടംഘട്ടമായാണ് കൃഷിദർശൻ പരിപാടി നടത്തുന്നത്. ഈ സാമ്പത്തിക വർഷം 28 ബ്ലോക്കുകളിലായിരിക്കും പരിപാടി നടത്തുക. ഒരു ജില്ലയിൽ ഒന്ന് എന്ന ക്രമത്തിൽ ജില്ലാതല പരിപാടിയായി ഒന്നാം ഘട്ടവും ജില്ലയിൽ ഒന്ന് എന്ന കണക്കിൽ ബ്ലോക്ക് തല പരിപാടിയായി രണ്ടാം ഘട്ടവും ഈ വർഷം നടക്കും. മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന പരിപാടിയായാണ് കൃഷി വകുപ്പ് മന്ത്രിയുടെ കൃഷിദർശൻ പരിപാടി ആസൂത്രണം ചെയ്തിരിക്കുന്നത്. മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന കാർഷിക-ഭക്ഷ്യ ശാസ്ത്രസാങ്കേതിക എക്സിബിഷൻ കൃഷിദർശന്റെ ഭാഗമായി അതാതു ബ്ലോക്കുകളിൽ ഉണ്ടാകും. കൃഷിദർശൻ പരിപാടി നടക്കുന്ന ജില്ലയിലെ എല്ലാ കൃഷി ഉദ്യോഗസ്ഥരെയും അന്നേദിവസം കൃഷി വകുപ്പ് മന്ത്രി നേരിട്ട് കണ്ടു പദ്ധതി പുരോഗതി വിലയിരുത്തുകയും ജില്ലയിലെ കാർഷിക മേഖലയിലെ സാധ്യതകൾ, ഞങ്ങളും കൃഷിയിലേക്ക്, കൃഷി കൂട്ടങ്ങളുടെ സ്ഥിതി, കാർഷിക പ്രശ്നങ്ങൾ, നടത്തിപ്പു പ്രശ്നങ്ങൾ എന്നിവ അവലോകനം ചെയ്യുകയും ചെയ്യും. ജില്ലയിലെ കർഷകരെ മന്ത്രി നേരിട്ട് കേട്ട് പ്രശ്നങ്ങൾ മനസ്സിലാക്കുന്ന കാർഷിക അദാലത്തും നടത്തും. പരിപാടിയുടെ ഭാഗമായി ബ്ലോക്കിലെ ഒരു പഞ്ചായത്ത് കേന്ദ്രമാക്കി മന്ത്രിയുടെ **ഞങ്ങളും കൃഷിയിലേക്ക്- ഗൃഹസന്ദർശനം, ഒരു കർഷക ഭവനം കേന്ദ്രീകരിച്ച് 'ഭവന കൂട്ടായ്മ', കാർഷിക സാംസ്കാരിക പരിപാടികൾ** എന്നിവയുമുണ്ടാകും. ബ്ലോക്കിലെ ഒരു പഞ്ചായത്തിനെ മാതൃക ഹരിത പോഷക ഗ്രാമമായും ജില്ലയിലെ ഒരു കൃഷിഭവനെ SMART കൃഷിഭവനായും പ്രഖ്യാപിക്കുന്ന പരിപാടിയും ഇതോടൊപ്പം ഉണ്ടാകും. ഏറ്റവും നല്ല പ്ലാന്റ് ഹെൽത്ത് ക്ലിനിക്, ഏറ്റവും നല്ല കർഷക /കർഷകൻ/ കുട്ടിക്കർഷകൻ ഏറ്റവുംനല്ല ഹരിത സ്കൂൾ, മാധ്യമ റിപ്പോർട്ടിംഗ്, നവീന കൃഷിരീതി

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കർഷകൻ, കർഷക സൗഹൃദ ബാങ്ക്, ഏറ്റവും നല്ല IFS ജൈവ പ്ലോട്ട്, ഏറ്റവും നല്ല PACS എന്നിവയ്ക്കും പുരസ്കാരം നൽകുന്നതായിരിക്കും. ജില്ലയിലെ കൃഷിദർശൻ പരിപാടിയുടെ അവസാന രണ്ടു ദിവസങ്ങളിലും കേരള കാർഷിക സർവകലാശാലയിലെ അവസാന വർഷ വിദ്യാർത്ഥികൾ പൂർണ്ണ സമയവും ഈ പരിപാടിയിൽ കോഴ്സിന്റെ ഭാഗമായി പങ്കെടുക്കുന്നതായിരിക്കും. കൃഷിദർശൻ പരിപാടിയുടെ ഭാഗമായുള്ള മൂന്നു ദിവസത്തെ എക്സിബിഷനിൽ കൃഷിവകുപ്പിന്റെ കീഴിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും കേരള കാർഷിക സർവ്വകലാശാലയും മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പും പങ്കെടുക്കുന്നതായിരിക്കും .

2. ആഫ്രിക്കൻ സ്വൈൻ ഫീവർ പടർന്നു പിടിച്ച സാഹചര്യത്തിൽ അതിർത്തി ചെക്ക് പോസ്റ്റുകളിലൂടെ പന്നികളെയും അവയുടെ ഉത്പ്പന്നങ്ങളെയും കൊണ്ടുപോകുന്നത് 14/**08/2022 മുതൽ 30 ദിവസത്തേക്ക്** ദീർഘിപ്പിച്ചതായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അറിയിച്ചു.

3. റബ്ബറിന്റെ ഇ-വിപണനസംവിധാനമായ 'എംറൂബി' ('mRube') യെ സംബന്ധിച്ചുള്ള സംശയങ്ങൾ ദൂരീകരിക്കാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഇതു സംബന്ധിച്ച ചോദ്യങ്ങൾക്ക് ഇന്ന് (ആഗസ്റ്റ് 18) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണിവരെ റബ്ബർബോർഡിന്റെ മാർക്കറ്റ് പ്രമോഷൻ ഡിവിഷനിലെ അസിസ്റ്റന്റ് പ്രൊജക്റ്റ് ഓഫീസർ (ഇ-ട്രേഡ്) മറുപടി പറയും. **0481–2576622** എന്നതാണ് കോൾ സെന്റർ നമ്പർ.

4. മണ്ണു പര്യവേക്ഷണ മണ്ണു സംരക്ഷണ വകുപ്പിന്റെ സംസ്ഥാനതല പരിശീലന സ്ഥാപനമായ ചടയമംഗലം നീർത്തട വികസന പരിപാലന പരിശീലന കേന്ദ്രത്തിൽ ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ 2022 വർഷത്തേക്കുള്ള **വാട്ടർഷെഡ് മാനേജ്മെന്റി**ലുള്ള ഒരു വർഷ ഡിപ്ലോമ കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. പ്ലസ്ടു / തത്തുല്യയോഗ്യത അല്ലെങ്കിൽ ബി.പി.പി.ആണ് യോഗ്യത. 10600 രൂപയാണ് കോഴ്സിന്റെ ഫീസ്. അപേക്ഷകൾ ഈ മാസം 25-ന് (ആഗസ്റ്റ് 25) മുമ്പായി http://www.ignou.ac.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് തിരുവനന്തപുരം മണ്ണു പര്യവേക്ഷണ മണ്ണു സംരക്ഷണ ഡയറക്ടറേറ്റിലെ **0471 2339899**

എന്ന ഫോൺ നമ്പരിലോ, സംസ്ഥാന നീർത്തട വികസന പരിപാലന വികസന പരിശീലന കേന്ദ്രത്തിലെ **0474–2476020, 2475051, 9446446632, 9567305895** എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

5. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് ഈ മാസം 24-ന് (ആഗസ്റ്റ് 24) **മഴക്കാല പച്ചക്കറികൃഷി** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0496 – 2966041** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. കാർഷിക സർവകലാശാല, ഹൈടെക്ക് റിസേർച്ച് ആന്റ് ട്രെയിനിംഗ് യൂണിറ്റ്, ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കരയിൽ വെച്ച് **ആഗസ്റ്റ് 23 മുതൽ 25 വരെ അക്വാപോണിക്സ് കൃഷിരീതിയിൽ** പരിശീലനം നടത്തുന്നു. വിവിധ തരം അക്വാപോണിക്സ് സിസ്റ്റം-രൂപകൽപ്പനകൾ, നിർമ്മാണം, പ്രവർത്തന-ഉപയോഗ-പരിപാലന രീതികൾ, വാട്ടർ ക്വാളിറ്റി ടെസ്റ്റിംഗും, നിയന്ത്രണ മാർഗങ്ങളും, വളപ്രയോഗ മാർഗങ്ങൾ, രോഗകീടനിയന്ത്രണം, വിളകളുടെ പരിപാലനം എന്നീ വിഷയങ്ങളിൽ ക്ലാസുകൾ ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും **0487–2960079, 9037033547** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

7. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിച്ചുവരുന്ന പരിശീലന കേന്ദ്രത്തിൽ ഈ മാസം (ആഗസ്റ്റ്) **24,25 തീയതികളിൽ മുട്ടക്കോഴി വളർത്തൽ, 26-ന് കാടവളർത്തൽ, 29,30 തീയതികളിൽ പശുവളർത്തൽ** തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി **0479–2457778, 0479–2452277** എന്നീ ഫോൺ നമ്പരുകളിൽ പ്രവർത്തി ദിവസങ്ങളിൽ ബന്ധപ്പെടുക.